LIBRARY ARCHIVES Kerala Legislative Assembly

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം

104 (471) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം പ്രകാരം നഗര വൈദ്യുതീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പദ്ധതിയായ ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിലേക്കായി സംസ്ഥാനത്തെ 25 ഇലക്ട്രിക്കൽ സർക്കിളുകളിൽ ഉൾപ്പെടുന്ന 63 ടൗണുകളിലേക്കായി 592 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമായിട്ടില്ല.

(ബി) കണ്ണൂർ, തലശ്ശേരി, കണ്ണൂർ കന്റോൺമെന്റ്, ഇരിട്ടി, പറമ്പ് എന്നീ ടൗണുകളിൽ താഴെ പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. 12 കി.മീ. പുതിയ 11 കെ.വി. ലൈൻ നിർമ്മാണം.
2. 39 KM LT ABC സ്ഥാപിക്കൽ.
3. 36 പുതിയ 100 കെ.വി.എ. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.
4. 179574 കേടായ/പഴകിയ 1/3 ഫേസ് മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ.
5. 90 Kwe-യുടെ സോളാർ പാനൽ സ്ഥാപിക്കൽ.

പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം

105 (472) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ നിർമ്മാണം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ ; കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നാണ് ; നിർമ്മാണം വൈകുന്നുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്, ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; ഇതിനായി സബ് സ്റ്റേഷൻ എവിടെ സ്ഥാപിക്കും; വിശദമാക്കാമോ ;

(സി) എത്ര രൂപയാണ് പദ്ധതിക്കായി ആകെ ചെലവഴിക്കുക ; പദ്ധതി പൂർത്തിയാക്കി എന്നുമുതൽ വൈദ്യുത വിതരണം സാധ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 52.55% പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി 2014 മാർച്ച് മാസം അവസാനിച്ചു. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ ഈ കാലാവധി 30-6-2016 വരെ നീട്ടിയിട്ടുണ്ട്. നിലവിൽ 2016 ജൂൺ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

പദ്ധതിക്ക് ആവശ്യമായ ഇടയുകരയിലെ ഭൂമിക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനും അതിലുള്ള മരങ്ങൾ മുറിച്ചുമാറ്റി ഭൂമി കൈമാറ്റുന്നതിനും നേരിട്ട കാലതാമസമാണ് പദ്ധതി വൈകാൻ ഉണ്ടായ പ്രധാന കാരണം. പുതിയ ഭൂമി ഏറ്റെടുക്കാൻ നിയമം പ്രാബല്യത്തിൽ വന്നതിനാലും ഇനിയും ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് ചില വ്യവഹാരങ്ങൾ നിലനിൽക്കുന്നതുമാണ് ഭൂമി ഏറ്റെടുക്കൽ വൈകുന്നതിനുള്ള കാരണങ്ങൾ. പദ്ധതിക്കുവേണ്ട ഭൂമി പൂർണ്ണമായും ലഭ്യമായിട്ടില്ല.

(ബി) 6 മെഗാവാട്ട്. ഈ വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റേയും റാന്നി-പെരുനാട് 33 കെ.വി. സബ്സ്റ്റേഷന്റേയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, റാന്നി-പെരുനാട്, റാന്നി-പഴവങ്ങാടി, റാന്നി-അങ്ങാടി പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. നിലവിൽ റാന്നി-പെരുനാട്, റാന്നി എന്നീ സബ്സ്റ്റേഷനുകളിലേക്ക് 33 കെ.വി. ലൈൻ വലിച്ച് വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി)

സിവിൽ ജോലികളുടെ കരാർ അടങ്കൽ തുക	34,83,78,095 രൂപ
ഇലക്ട്രോ-മെക്കാനിക്ക് ജോലികളുടെ കരാർ അടങ്കൽ തുക	13,33,84,973 രൂപ

30-6-2016-ൽ പദ്ധതി പൂർത്തിയാക്കി വൈദ്യുതി വിതരണം സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly